# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -323

08.02..2016-ലെ മറുപടിക്ക്

## വിജിലൻസ് അന്വേഷണം

**ചോദ്യം**

**ശ്രീ.ബെന്നി ബെഹനാൻ**
**,, സി.പി.മുഹമ്മദ്**
**,, ജോസഫ് വാഴക്കൻ**
**,, പി.സി വിഷ്ണുനാഥ് :**

(എ) കയർഫെഡ് മാനേജിംഗ് ഡയറക്ടർ ആയിരിക്കെ ശ്രീ. വി.എ. അരുൺ കുമാറിനെതിരെ ഉയർന്ന അഴിമതി ആരോപണം സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണത്തിന്റെയും ; ഐ. എച്ച്. ആർ. ഡി അഡീഷണൽ ഡയറക്ടർ ആയുള്ള നിയമനത്തിന് യോഗ്യത യില്ലാത്ത ശ്രീ വി.എ. അരുൺകുമാറിനെ നിയമിച്ചതായ ആരോപണം സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിന്റെയും ഇതുവരെയുള്ള പൂർണ്ണ വിവരം വെളിപ്പെടുത്തുമോ;

**മറുപടി**

**രമേശ് ചെന്നിത്തല**
**(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)**

(എ) കയർഫെഡ് മാനേജിംഗ് ഡയറക്ടർ ആയിരിക്കെ ശ്രീ. വി.എ. അരുൺ കുമാറിനെതിരെ, ചേർത്തലയിലെ കയർഫെഡിന്റെ ഗോഡൗൺ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉയർന്ന പരാതിയുടെ അടിസ്ഥാനത്തിൽ വി.ഇ.11/2013/എസ്.സി.റ്റി എന്ന വിജിലൻസ് അന്വേഷണം നടത്തുകയുണ്ടായി. വിജിലൻസ് അന്വേഷണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വി.സി.3/2014/എസ്.സി.റ്റി എന്ന നമ്പറിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു. വിജിലൻസ് കേസന്വേഷണം അന്തിമ ഘട്ടത്തിലാണ്. ഐ.എച്ച്.ആർ.ഡി അഡീഷണൽ ഡയറക്ടറായിട്ടുള്ള നിയമനവുമായി ബന്ധപ്പെട്ട വിജിലൻസ് കേസന്വേഷണം പുരോഗമിച്ച് വരുന്നു.

| | | | |
|---|---|---|---|
| (ബി) | ശ്രീ. വി.എ. അരുൺ കുമാറിനെ കുറിച്ച് ഉയർന്നിട്ടുള്ള മേൽ പറഞ്ഞ മുഴുവൻ ആരോപണങ്ങളെ കുറിച്ചും വിജിലൻസ് നടത്തുന്ന അന്വേഷണത്തിൽ അന്വേഷണ ഉദ്യോഗസ്ഥർ പ്രതിപക്ഷ നേതാവ് ശ്രീ വി.എസ്. അച്ചുതാനന്ദനെ ചോദ്യം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത ആരോപണങ്ങളിന്മേലുള്ള വിജിലൻസ് കേസന്വേഷണങ്ങളിൽ പ്രതിപക്ഷ നേതാവ് ശ്രീ.വി.എസ്. അച്യുതാനന്ദനെ ചോദ്യം ചെയ്തിട്ടില്ല. |
| (സി) | ശ്രീ. വി.എ. അരുൺകുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണത്തോടനുബന്ധിച്ച് ഇദ്ദേഹത്തെ എത്ര പ്രാവശ്യം അന്വേഷണ ഉദ്യോഗസ്ഥർ ചോദ്യം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ശ്രീ. വി.എ. അരുൺ കുമാറിനെ ഒരു പ്രാവശ്യം ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ